**This Question Paper consists of 10 questions and 8 printed pages.**
**ഈ ചോദ്യപേപ്പറിൽ 10 ചേദ്യങ്ങളും 8 അച്ചടിച്ച പുറങ്ങളും ഉണ്ട്.**

**Roll No.**
**റോൾ നമ്പർ** | | | | | | | | | | | | |

**Code No. 69/S/A/MM**
**കോഡ് നമ്പർ**

**Set / സെറ്റ് - A**

# MALAYALAM

**മലയാളം**

**(232)**

**Day and Date of Examination**
**(പരീക്ഷാ ദിവസവും തീയതിയും)** ______________________

**Signature of Invigilators** **1.** ______________________
**(മേൽനോട്ടക്കാരുടെ ഒപ്പ്)**
**2.** ______________________

**പൊതുവായ നിർദ്ദേശങ്ങൾ :**

**1** എല്ലാ ചോദ്യങ്ങൾക്കുമുള്ള ഉത്തരങ്ങൾ നിങ്ങൾക്ക് നൽകിയിരിക്കുന്ന ഉത്തരപുസ്തകത്തിൽ നൽകണം.

**2** ഈ ചോദ്യപേപ്പർ വായിക്കുന്നതിന് **15** മിനിറ്റ് സമയം അനുവദിച്ചിട്ടുണ്ട്. ഉച്ചക്ക് **02.15** ന് ചോദ്യപേപ്പർ നൽകും. **02.15** മുതൽ **02.30** വരെ വിദ്യാർത്ഥികൾ ചോദ്യപേപ്പർ വായിക്കുക മാത്രം ചെയ്യുക ഈ സമയം ആൻസർ ബുക്കിൽ ഒരു ഉത്തരവും എഴുതാൻ പാടുള്ളതല്ല.

**3** പരീക്ഷാർത്ഥികൾ അവരുടെ റോൾ നമ്പർ ചോദ്യപേപ്പറിന്റെ ആദ്യ പേജിൽ എഴുതേണ്ടതാണ്.

**4** ആദ്യ പേജിൽ പ്രിന്റു ചെയ്തിരിക്കുന്ന വിവരങ്ങൾക്കനുസൃതമായി പേജുകളും ചോദ്യങ്ങളും ചോദ്യപേപ്പറിൽ അടങ്ങിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. കൂടാതെ ചോദ്യങ്ങൾ ക്രമമായി പ്രിൻറു ചെയ്തിട്ടുണ്ടോ എന്നും ഉറപ്പു വരുത്തേണ്ടതാണ്.

**5** ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ട ചോദ്യങ്ങൾക്ക് **(A), (B), (C), (D)** എന്ന ക്രമത്തിൽ കൊടുത്തിട്ടുള്ള ഉത്തരങ്ങളിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് ഉത്തരപുസ്തകത്തിൽ എഴുതേണ്ടതാണ്.

**6** ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ടത് ഉൾപ്പെടെ എല്ലാ ചോദ്യങ്ങളുടെയും ഉത്തരം അനുവദിച്ചിരിക്കുന്ന സമയത്തിനുള്ളിൽ തന്നെ എഴുതേണ്ടതാണ്.

**7** ഉത്തരപുസ്തകത്തിൽ ഏതെങ്കിലും അടയാളങ്ങൾ ഇടുകയോ, നിശ്ചയിച്ചിരിക്കുന്ന സ്ഥാനത്തൊഴികെ ഉത്തരപുസ്തകത്തിന്റെ ഏതെങ്കിലും ഭാഗത്ത് റോൾ നമ്പർ എഴുതുകയോ ചെയ്യുന്നത് പരീക്ഷാർത്ഥികളുടെ അയോഗ്യതയായി പരിഗണിക്കുന്നതാണ്.

**8** ഉത്തരപുസ്തകത്തിന്റെ പുറത്ത് ചോദ്യപേപ്പറിന്റെ കോഡ് നമ്പർ **69/S/A/MM,** സെറ്റ് - **A** എഴുതേണ്ടതാണ്.

# MALAYALAM

## മലയാളം

## (232)

സമയം : **3** മണിക്കൂർ] [മാർക്ക് : **100**

---

**നിർദ്ദേശങ്ങൾ :** (1) എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.

(2) ഒന്നു മുതൽ പതിനൊന്നുവരെയുള്ള ചോദ്യങ്ങൾക്ക് A, B, C, D എന്ന ക്രമത്തിൽ കൊടുത്തിരിക്കുന്നതിൽ നിന്നും ശരിയായത് എടുത്തെഴുതണം.

---

**1** ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക. ഓരോ മാർക്ക് വീതം. **20×1=20**

**1.1** ഏതൊരു ശാസ്ത്രവും കാവ്യവും ഹൃദയത്തിൽ പതിയണമെങ്കിൽ ആരുടെ വക്ത്രത്തിൽനിന്ന് പഠിക്കണമെന്നാണ് വള്ളത്തോൾ പറയുന്നത്?

(A) അമ്മയുടെ (B) ഗുരുനാഥന്റെ

(C) സ്വഭാഷയുടെ (D) കുചേലകുടുംബിനിയുടെ

**1.2** ബാലനായ വി.ടി.ക്ക് നൽകിയ തേവാരത്തിന്റെ പട്ടികയിൽ ഏറ്റവും കഠിനം ഏതായിരുന്നു?

(A) ഏത്തം മുട്ടൽ (B) ആദിത്യനമസ്കാരം

(C) പഞ്ചാക്ഷരം (D) ഔപാസനം

**1.3** മജിസ്ട്രേട്ടിന് മുമ്പിൽ വച്ച് തന്നെ പരിഹസിച്ചതായി അയ്യർക്ക് തോന്നിയ പ്രവൃത്തി എന്ത്?

(A) കച്ചട്ടി ഢിം എന്ന് പറഞ്ഞത്

(B) അയ്യരെ സലാം വച്ചത്

(C) മജിസ്ട്രേട്ടിനെ സലാം വച്ചത്

(D) സലാം കഴിഞ്ഞ് ഊക്കിൽ കൈ താഴേക്കിട്ടത്

**1.4** കണ്ണൻ ഉടുത്ത കൂറയുടെ നിറം എന്ത്?

(A) കാവിനിറം (B) കറുപ്പ്

(C) മഞ്ഞൾനിറം (D) ചുവപ്പ്നിറം

1.5 ചില്ലറ കുസൃതിക്കാർ എന്ന് സഞ്ജയൻ പറയുന്നത് ആരെക്കുറിച്ച്?

(A) കച്ചട്ടിസ്വാമിയെക്കുറിച്ച് (B) സഞ്ജയനെക്കുറിച്ച്

(C) മുനിസിപ്പാലിറ്റി ചെയർമാനെ (D) അയ്യരെ പരിഹസിക്കുന്നവരെ

1.6 ഗോപികമാരുടെ അഭിപ്രായത്തിൽ പെണ്ണുങ്ങളുടെ നെഞ്ചകം പിളർക്കുന്നത് എന്ത്?

(A) കണ്ണന്റെ പുഞ്ചിരി (B) ഓടക്കുഴൽനാദം

(C) മഞ്ജുളമായ മൊഴി (D) കണ്ണന്റെ കള്ളനോക്ക്

1.7 എന്നിട്ടുമൊട്ടേ പുറത്തൂട്ടിയുള്ളൂ എന്ന് കുഞ്ഞുണ്ണി പറയുന്നത് ആരെക്കുറിച്ച്?

(A) പെണ്ണുകാണാൻ പോകുന്നവനെക്കുറിച്ച്

(B) താനാരോ പാടുന്നവനെക്കുറിച്ച്

(C) ഉണ്ണായിവാരിയരെക്കുറിച്ച്

(D) മനസ്സിൽ ചൂലുള്ളവനെക്കുറിച്ച്

1.8 അർണ്ണോജനേത്രന്റെ മുന്നിൽ നിന്ന മൈഥിലിയിൽ പ്രകടമായ വികാരം എന്തായിരുന്നു?

(A) ലജ്ജ (B) ആകുലത

(C) ആശങ്ക (D) പ്രണയം

1.9 എത്ര നല്ല ഒരു ലീവ് അഭ്യർത്ഥനയായിരിക്കും അത്! - ഏത് ലീവ് അഭ്യർത്ഥനയെക്കുറിച്ചാണ് ഇങ്ങനെ പറയുന്നത്?

(A) പ്രണയവിവാഹം പ്രമാണിച്ച് അവധി ആവശ്യപ്പെടുന്നത്

(B) ഭാര്യക്ക് സുഖക്കേടാണെന്നു പറയുന്ന ലീവ് അഭ്യർത്ഥന

(C) കുട്ടികളെ സ്ക്കൂളിൽ ചേർക്കുന്നതിനുള്ള ലീവ് അഭ്യർത്ഥന

(D) തന്റെ ഭാര്യ മരിച്ചു എന്നു കാണിക്കുന്ന ലീവ് അഭ്യർത്ഥന

1.10 മാതാവിനോട് നന്ദികേട് കാണിക്കുന്ന മനുഷ്യനെക്കുറിച്ച് കെ.പി. കേശവമേനോൻ പറയുന്നത് എന്ത്?

(A) ഹീനൻ (B) കള്ളൻ

(C) ദുഷ്ടൻ (D) അവിവേകി

1.11 നൻമൃഗമദപ്പൊട്ടിയന്ന മുഖചന്ദ്രൻ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത്?

(A) മദാലസയുടെ മുഖം (B) കസ്തൂരിപ്പൊട്ടണിഞ്ഞ മുഖം

(C) മൃഗതുല്യമായ മുഖം (D) ക്രൂരമായ മുഖം

1.12 മോഹിനിയാട്ടത്തിന്റെ മാതൃകയായി കരുതപ്പെടുന്ന കലാരൂപം ഏത്?

(A) ദാസിയാട്ടം (B) രാമനാട്ടം

(C) കൃഷ്ണനാട്ടം (D) ഓട്ടൻതുള്ളൽ

**1.13** നാലല്ല, പത്തുമൈൽ നടക്കാനും എസ്.കെ. പൊറ്റെക്കാട് തയ്യാറായിരുന്നതിന് കാരണം എന്ത്?

(A) ഉത്സവങ്ങൾ കാണാനുള്ള കൗതുകം

(B) ബാലിയിൽ ഒറ്റക്ക് കഴിയാനുള്ള വൈമുഖ്യം

(C) ബാലിയിലെ നാട്ടിൻപുറങ്ങൾ കാണാനുള്ള ആഗ്രഹം

(D) വ്യായാമം ആവശ്യമാണെന്ന തോന്നൽ

**1.14** വളർത്തുമൃഗം എന്ന പേര് സൂചിപ്പിക്കുന്നത് എന്ത്?

(A) സർക്കസ്സ് കലാകാരന്മാരുടെ ജീവിതം

(B) സർക്കസ്സ് ആസ്വാദകരുടെ മനോഭാവം

(C) സർക്കസ്സിലെ മൃഗങ്ങളുടെ ദുരിതങ്ങൾ

(D) മൃഗസ്നേഹത്തിന്റെ പ്രാധാന്യം

**1.15** നീരസികൻ എന്ന് കുഞ്ചൻനമ്പ്യാർ വിശേഷിപ്പിക്കുന്നത് ആരെ?

(A) തുള്ളൽ ആസ്വാദകരെ (B) നിശിചാരികുലേന്ദ്രനെ

(C) വാനരവരനെ (D) ചതുരൻ മുനിയെ

**1.16** രാമനാട്ടം ആരുടെ പുണ്യസന്താനമാണെന്നാണ് ലേഖകൻ പറയുന്നത്?

(A) കൊട്ടാരക്കര തമ്പുരാന്റെ (B) കോട്ടയത്തു തമ്പുരാന്റെ

(C) വെട്ടത്തു രാജാവിന്റെ (D) കപ്ലിങ്ങാട്ടു നമ്പൂതിരിയുടെ

**1.17** അഗാധതരമായ ഒന്നായി ജവഹർലാൽ നെഹ്റു കൽപ്പിക്കുന്നത് എന്തിനെ?

(A) ഇന്ത്യയുടെ നാനാത്വത്തെ (B) ദേശീയത്വത്തെ

(C) ഇന്ത്യയുടെ ഏകത്വത്തെ (D) സഹിഷ്ണുതയെ

**1.18** ചോന്നു തുടിക്കുന്ന രാഖിയെ ഒ.എൻ.വി. കുറുപ്പ് ഏതിനോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത്?

(A) വരേണ്യമാം നീതിയോട് (B) മഹാമങ്ഗലശക്തിയോട്

(C) ചൂഴ്ന്നെടുത്ത രക്തഞരമ്പിനോട് (D) പെങ്ങളുടെ ദു:ഖങ്ങളോട്

**1.19** പലവിധ യുക്തി പറഞ്ഞ് അലയുന്ന പാമരന്മാർ അറിയാതെപോകുന്നത് എന്ത്?

(A) പലമതസാരവും ഏകം

(B) മദ്യം വിഷമാണ്

(C) നരജാതിയിലാണ് വിപ്രൻ പിറക്കുന്നത്

(D) ജാതിമദിരാന്ധർക്ക് സ്വരാജ്യം ആവശ്യമില്ല

**1.20** മഞ്ഞല മാഞ്ഞ് ഇളവെയിലിന്റെ ശോഭയാർന്ന മലനിരകളിൽ ഒഴുകിയത് എന്ത്?

(A) നീഹാരം (B) കളകളം

(C) ദലമർമ്മരം (D) കുളിരരുവി

2 ഒറ്റവാക്കിൽ ഉത്തരമെഴുതുക. ഓരോ മാർക്ക് വീതം. 5×1=5

2.1 അമ്മയുടെ പാലിനെ വള്ളത്തോൾ വിശേഷിപ്പിക്കുന്നത് എങ്ങനെ?

2.2 മഞ്ജിമവിടരുന്ന പുലർകാലത്തെ ചങ്ങമ്പുഴ ഏതിനോടാണ് സാദൃശ്യപ്പെടുത്തുന്നത്?

2.3 വി.ടി. ഭട്ടതിരിപ്പാട് കുട്ടിക്കാലത്ത് അനിയത്തി എന്ന് വിളിച്ചിരുന്നത് ആരെ?

2.4 ദു:ഖം, രോഷം, നഷ്ടബോധം എന്നിവയ്ക്കൊപ്പം ദിക്കറ്റുഴറുന്നതായി ഒ.എൻ.വി. പറയുന്നത് എന്ത്?

2.5 വാസവദത്തക്ക് കുടയായി ഭവിച്ചത് എന്ത്?

3 വിട്ടുപോയ ഭാഗം ബ്രാക്കറ്റിൽ നിന്ന് തെരഞ്ഞെടുത്ത് പൂരിപ്പിക്കുക. ഒരോ മാർക്ക് വീതം 5×1=5

3.1 പണ്ടങ്ങളണിഞ്ഞ് ദാസിമാരുടെ അകമ്പടിയോടെ അമ്പലത്തിൽ തൊഴാൻ വരുന്ന ....... കണ്ട് പലപ്പോഴും ഞാൻ അസൂയപ്പെട്ടിട്ടുണ്ട്. (ഇല്ലത്തുള്ളവരെ, സ്ത്രീകളെ, കൂട്ടുകാരെ, സമപ്രായക്കാരെ)

3.2 ദീനം പിടിച്ച് വയ്യാതാകുമ്പോഴും പണിയെടുത്ത് ക്ഷീണിച്ച് വിശ്രമിക്കുവാനാഗ്രഹിക്കുമ്പോഴും ........ ആയിരിക്കും നമ്മുടെ മോഹം. (വീട്ടിൽ ചെന്നുചേരണമെന്ന്, അവധി ലഭിക്കണമെന്ന്, പ്രാർത്ഥിക്കണമെന്ന്, ഉറങ്ങണമെന്ന്)

3.3 ബാലിയിലെ ........ ബാലിപ്പെണ്ണിന്റെ മനസ്സും ഒരുപോലെയാണെന്ന് പറയാറുണ്ട്. (കാറ്റും, മഴയും, ഉത്സവങ്ങളും, പലഹാരങ്ങളും)

3.4 മാനേജരുടെ ദയാബുദ്ധി നീട്ടിയ ആ കടലാസ് തുണ്ടുകളെ തുറിച്ചുനോക്കിക്കൊണ്ട് ....... ഒരു ശിലാപ്രതിമപോലെ നിന്നു. (മാധവി, ചന്ദ്രൻ, ജാനമ്മ, ലക്ഷ്മി)

3.5 പ്രൗഢനാം നാരദന്റെ ...... കേട്ടു
മൂഢമതിയാമവൻ രൂഢമദനായ്ത്തീർന്നു.
(ചാടുമൊഴികൾ, ലാംഗുലം പിടി, നിനവേറ്റം, പാടവം)

4 താഴെ തന്നിരിക്കുന്ന ചോദ്യങ്ങളിൽ തെറ്റോ ശരിയോ എന്ന് രേഖപ്പെടുത്തുക.ഒരു മാർക്ക് വീതം. 5×1=5

4.1 നമ്മുടെ നാട്ടിൽ കാണുന്നതിൽ നിന്ന് വ്യത്യസ്തമായി ബാലിയിലെ ക്ഷേത്രങ്ങൾക്കരികിൽ ഒരു ആൽമരം ഉണ്ടായിരിക്കും.

4.2 രാജവീഥിയുടെ കിഴക്കുഭാഗത്താണ് വാസവദത്തയുടെ മാളിക നിന്നിരുന്നത്.

4.3 ലോകത്തിലെ ഏറ്റവും വലിയ ത്യാഗിനിയാണ് ഭാര്യ.

4.4 നെയ്പ്പായസത്തിലെ അഛന് വേഷധാരണത്തിലുള്ള ശ്രദ്ധ കുറഞ്ഞു. അമ്മക്ക് പൊട്ടിച്ചിരിക്കുവാനുള്ള കഴിവ് നശിച്ചു.

4.5 രാജ്യങ്ങൾ തമ്മിലും സമുദായങ്ങൾ തമ്മിലും പൊരുതിയാൽ ഒടുങ്ങാത്തതുകൊണ്ട് ഒന്നിന് മറ്റൊന്നിനെ തോൽപ്പിക്കുവാൻ കഴിയുകയില്ല.

5 ചേരുംപടി ചേർക്കുക. ഒരു മാർക്ക് വീതം 5×1=5

5.1 ബാലിവിജയം – എം.ടി. വാസുദേവൻ നായർ

5.2 കാലം – കുഞ്ചൻ നമ്പ്യാർ

5.3 കണ്ണീരും കിനാവും – ചങ്ങമ്പുഴ

5.4 അപരാഹ്നം – വി.ടി. ഭട്ടതിരിപ്പാട്

5.5 രമണൻ – ഒ.എൻ.വി.

6 പകരം പദം എഴുതുക. ഒരു മാർക്ക് വിതം 5×1=5

6.1 കന്ധരം

6.2 ഒളി

6.3 കഞ്ജം

6.4 വദനം

6.5 ജാലകം

7 ചേർത്തെഴുതുക. ഒരു മാർക്ക് വീതം 5×1=5

7.1 അതി + ഉഗ്രം

7.2 വാതക + കുറ്റി

7.3 ഇതി + ആദി

7.4 ഇടയ്ക്ക് + ഇടെ

7.5 പൊട്ടി + തെറിക്കുക

8 ഏതെങ്കിലും 10 ചോദ്യങ്ങൾക്ക് 20-25 വാക്കുകളിൽ ഉത്തരമെഴുതുക 2 മാർക്ക് വീതം. 10×2=20

8.1 ഓട്ടൻതുള്ളലിന്റെ സവിശേഷതകൾ എന്തെല്ലാം?

8.2 പെങ്ങളുടെ ദു:ഖങ്ങൾ തന്റേതുകൂടിയാണെന്ന് കവി പറയുന്നത് എന്തുകൊണ്ട്?

8.3 രാവണന്റെ അഹങ്കാരം നാരദമഹർഷി ശമിപ്പിച്ചത് എങ്ങനെ?

8.4 ചങ്ങമ്പുഴ അവതരിപ്പിച്ചിരിക്കുന്ന പ്രഭാതത്തിന്റെ സവിശേഷതകൾ എന്തെല്ലാം?

8.5 മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാരാണെന്ന് വള്ളത്തോൾ സ്ഥാപിക്കുന്നത് എങ്ങനെ?

8.6 വി.ടി. യുടെ ബാല്യം എപ്രകാരമുള്ളതായിരുന്നു?

8.7 ബാലിയിലെ മഴയും ബാലിപ്പെണ്ണിന്റെ മനസ്സും ഒരുപോലെയാണെന്ന് പൊറ്റെക്കാട് പറയുന്നത് എന്തുകൊണ്ട്?

8.8 ഇന്ത്യയുടെ നനാത്വം ജവഹർലാൽ നെഹ്റു വെളിപ്പെടുത്തുന്നത് എങ്ങനെ?

8.9 സ്വയംവരത്തിന് ഒരുങ്ങിയെത്തിയ സീതയുടെ ഭാവമാറ്റം കവി വർണ്ണിക്കുന്നത് എങ്ങനെ?

8.10 ഗോപികമാർ കോകിലത്തോട് കണ്ണനെക്കുറിച്ച് ചോദിച്ചത് എന്തെല്ലാം?

8.11 പരബ്രഹ്മയ്യരെ നാട്ടുകാർ കളിയാക്കാൻ തുടങ്ങിയ സാഹചര്യം എന്ത്?

8.12 കഞ്ജബാണന്റെ പട്ടംകെട്ടിയ മഹിഷിയായി വാസവദത്ത മാറിയത് എങ്ങനെ?

8.13 ചന്ദ്രശേഖരന്റെ പള്ളിവില്ല് കണ്ട രാമചന്ദ്രന്റെ പ്രതികരണങ്ങൾ എന്തെല്ലാം?

8.14 മജിസ്രേട്ട് പരബ്രഹ്മയ്യരെ ശിക്ഷിക്കാൻ ഇടയായ സാഹചര്യം എന്ത്?

8.15 കുന്ദത്തിന് നെഞ്ചിൽ വെറുപ്പൊന്നും ഇല്ലല്ലോ എന്ന് ഗോപികമാർ ചോദിക്കുന്നത് എന്തുകൊണ്ട്?

9 ഏതെങ്കിലും 5 ചോദ്യങ്ങൾക്ക് 40-45 വാക്കിൽ ഉത്തരമെഴുതുക. 3 മാർക്ക് വീതം. **5×3=15**

9.1 വാസവദത്തയുടെ സമ്പൽസമൃദ്ധി കുമാരനാശാൻ വെളിപ്പെടുത്തുന്നത് എങ്ങനെ?

9.2 ബാലിയിൽ കേരളത്തിന്റെ എന്തെല്ലാം സവിശേഷതകളാണ് പൊറ്റെക്കാട് ദർശിക്കുന്നത്?

9.3 ഇന്ത്യയുടെ ഏകത്വം ഏതെല്ലാം വിധത്തിലാണ് നെഹ്റു അവതരിപ്പിക്കുന്നത്?

9.4 കഥകളി എന്ന കലാരൂപത്തെ കുറിച്ച് ഒരു ലഘു കുറിപ്പ് തയ്യാറാക്കുക.

9.5 പ്രായം ചെന്ന ശേഷമാണ് ഇതിന്റെ ആഭാസത എനിക്ക് ബോദ്ധ്യപ്പെട്ടത്. - വി.ടി. സൂചിപ്പിക്കുന്ന ആഭാസത എന്ത്?

9.6 രാമൻ ശൈവചാപം ഖണ്ഡിച്ച മുഹൂർത്തം എഴുത്തച്ഛൻ വർണ്ണിക്കുന്നത് എങ്ങനെ?

9.7 രാവണന്റെ അഹങ്കാരം ബാലി ശമിപ്പിച്ചത് എങ്ങനെ?

9.8 മനസ്വിനിയിൽ കവി സ്വയം മറന്നുപോയ സന്ദർഭം ഏത്?

10 താഴെ പറയുന്ന ചോദ്യങ്ങൾക്ക് 100-150 വാക്കുകളിൽ ഉത്തരമെഴുതുക. **3×5=15**
5 മാർക്ക് വീതം.

**10.1** കുഞ്ഞുണ്ണിക്കവിതകളുടെ സവിശേഷതകൾ പാഠഭാഗത്തെ കവിതകളെ അടിസ്ഥാനമാക്കി വിവരിക്കുക.

**അല്ലങ്കിൽ**

മാതൃഭാഷയോടുള്ള വള്ളത്തോളിന്റെ സ്നേഹാദരങ്ങൾ എന്റെ ഭാഷ എന്ന കവിതയിൽ വെളിപ്പെടുന്നത് എങ്ങനെ?

**10.2** കേരളത്തെ നവോത്ഥാനത്തിലേക്ക് നയിച്ച ശ്രീനാരായണഗുരുവിന്റെ ആദർശങ്ങളെക്കുറിച്ച് പാഠഭാഗം അടിസ്ഥാനമാക്കി വിവരിക്കുക.

**അല്ലങ്കിൽ**

കുടുംബജീവിതത്തിന്റെ പ്രാധാന്യം കെ.പി. കേശവമേനോൻ വ്യക്തമാക്കുന്നത് എങ്ങനെ?

**10.3** വളർത്തുമൃഗങ്ങൾ എന്ന കഥയിൽ എം.ടി. വാസുദേവൻ നായർ അവതരിപ്പിക്കുന്ന മനുഷ്യജീവിതങ്ങളെക്കുറിച്ച് വിവരിക്കുക.

**അല്ലങ്കിൽ**

നഗരജീവിതത്തിലെ ഒറ്റപ്പെടൽ നെയ്പ്പായസം എന്ന കഥയിൽ തെളിയുന്നത് എങ്ങനെ?